# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

06.07.2012 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5637

**<u>പിന്നോക്ക സമുദായ കോർപ്പറേഷന് വായ്പ
കടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുക</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പിന്നോക്കസമുദായ കോർപ്പറേഷൻ മുഖേന എത്ര കോടി രൂപ വിതരണം ചെയ്തിട്ടുണ്ട് ; | (എ) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വിവിധ വായ്പാ പദ്ധതികൾ മുഖാന്തിരം 1123.84 കോടി രൂപ (ആയിരത്തി ഒരുനൂറ്റി ഇരുപത്തിമൂന്ന് കോടി എൺപത്തിനാല് ലക്ഷം രൂപ) വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) പിരിഞ്ഞു കിട്ടാനിടയില്ലാത്ത കടിശ്ശിക തുക എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുമോ ? | (ബി) നാഷണൽ ബാക്ക്‌വേർഡ് ക്ലാസ്സസ് ഫിനാൻസ് & ഡെവലപ്മെന്റ് കോർപ്പറേഷൻ( NBCFDC), നാഷണൽ മൈനോറിറ്റീസ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ(NMDFC ) തുടങ്ങിയ നാഷണൽ ഏജൻസികളിൽ നിന്നും കടമെടുത്ത തുക ഉപയോഗിച്ചാണ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ടി തുക നിശ്ചിത ശതമാനം പലിശ സഹിതം നാഷണൽ ഏജൻസികൾക്ക് തിരിച്ചടയ്ക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ, പിരിഞ്ഞു കിട്ടാനിടയില്ലാത്ത കടിശ്ശികത്തുക എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുവാൻ കോർപ്പറേഷന് കഴിയുകയില്ല. എന്നാൽ 31.03.2011 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞിട്ടും കടിശ്ശിക അടച്ചുതീർക്കാൻ കഴിയാത്ത ഗുണഭോക്താക്കൾക്ക് പരമാവധി ഇളവും സാവകാശവും അനുവദിച്ചു. 02.06.2012 ലെ സ.ഉ(എം.എസ്) നമ്പർ 78/2012/പിസവിവ പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം പിഴപ്പലിശ പൂർണ്ണമായും പലിശയുടെ 50 ശതമാനവും ഒഴിവാക്കുന്നതാണ്. കൂടാതെ കടിശ്ശിക അടച്ചുതീർക്കുന്നതിന് 31.12.2012 വരെ സാവകാശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ